LIBRARY ARCHIVES Kerala Legislative Assembly

സൗരോർജ്ജ വൈദ്യുത പദ്ധതി

206(3638) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരുന്നൂറ് മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി വാങ്ങുന്നതിനായി സമീപകാലത്ത് കെ.എസ്.ഇ.ബി. കരാർ ഒപ്പ് വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ യൂണിറ്റിന് എത്ര രൂപ നിരക്കിലാണ് കരാർ ഒപ്പ് വച്ചത്; കരാറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) 5-2-2021-ൽ അംഗീകരിച്ച കരാർപ്രകാരം യൂണിറ്റിന് 2.097 രൂപ നിരക്കിലാണ് സൗരോർജ്ജ വൈദ്യുതി വാങ്ങുന്നത്. 18-9-2020-ൽ കെ.എസ്.ഇ.ബി. 200 മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി വാങ്ങുന്നതിന് അഖിലേന്ത്യാടിസ്ഥാനത്തിൽ ഡീപ് (DEEP) പോർട്ടൽ മുഖേന മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 90 മെഗാവാട്ട് വൈദ്യുതി എൻ.റ്റി.പി.സി. 110 മെഗാവാട്ട് വൈദ്യുതി ടാറ്റാ പവർ കമ്പനി ലിമിറ്റഡ് എന്നിവരിൽ നിന്നും വാങ്ങുന്നതിന് KSERC-യുടെ അനുമതിയോടുകൂടി 6-1-2021-ൽ ലെറ്റർ ഓഫ് അവാർഡ് നൽകുകയുണ്ടായി. 5-2-2021-ൽ പ്രസ്തുത കമ്പനിയുമായി കരാറിലാകുകയും എൻ.റ്റി.പി.സി.-യുടെ കരാറിന് KSERC 21-6-2021-ലും ടാറ്റാ പവർ കമ്പനി ലിമിറ്റഡിന്റെ കരാറിന് 23-6-2021-ലും അംഗീകാരം നൽകുകയുണ്ടായി. പ്രസ്തുത കരാറുകൾ എക്സിക്യൂട്ട് ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

ഡാമുകളിൽ നിന്നും സോളാർ വൈദ്യുതി ഉല്പാദനം

207 (3639) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള ഡാമുകളിലെ ജലാശയങ്ങൾ ഉപയോഗപ്പെടുത്തി സോളാർ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിൽ വനം വകുപ്പ് എന്തെങ്കിലും തടസ്സവാദം ഉന്നയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?